പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2050 17.03.2015-ൽ മറുപടിക്ക്

## ജൻറം പദ്ധതിയുടെ ഭാഗമായി പുതിയ ലോഫ്ളോർ ബസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജൻറം പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര ലോഫ്ളോർ ബസ്സുകൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി സമർപ്പിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര നഗര വികസന മന്ത്രാലയം കേരളത്തിലെ നഗരങ്ങളുടെ 5 ക്ലസ്റ്ററുകൾക്കുമായി 400 (110 Low floor A/C ബസുകൾ, 290 Non A/C Low floor ബസുകൾ) ബസുകൾ പുതുതായി അനുവദിക്കുകയുണ്ടായി. ഇതിൽ 50 എ.സി. ലോ ഫ്ളോർ പ്രീമിയം ബസും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച എ.സി., നോൺ എ.സി ബസ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | (പട്ടിക താഴെ) |

| ജില്ല | എ.സി. | നോൺ എ.സി. |
|---|---|---|
| കോഴിക്കോട് | 16 | 37 |
| വയനാട് | 6 | 14 |
| മലപ്പുറം | 8 | 19 |
| കോട്ടയം | 10 | 25 |
| ഇടുക്കി | 8 | 19 |
| പത്തനംതിട്ട | 7 | 16 |
| കണ്ണൂർ | 0 | 16 |
| കാസർഗോഡ് | 0 | 14 |
| തൃശ്ശൂർ | 15 | 37 |
| പാലക്കാട് | 10 | 23 |
| കൊല്ലം | 16 | 37 |
| ആലപ്പുഴ | 14 | 33 |

| | | | |
|---|---|---|---|
| (സി) | ലോ ഫ്ളോർ ബസ്സുകൾ ജില്ലകൾക്ക് അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര നഗരവികസന മന്ത്രാലയത്തിൽ സമർപ്പിക്കുവാൻ JnNURM രണ്ടാം ഘട്ടപ്രകാരം പുതുതായി ലഭിക്കുന്ന ബസുകൾക്കുവേണ്ടി വിശദമായ പ്രൊജക്ട് NATPAC എന്ന സ്ഥാപനമാണ് തയ്യാറാക്കിയത്. ഇതിനായി അവർ കോഴിക്കോട്, കല്പ്പറ്റ, മലപ്പുറം, കോട്ടയം, തൊടുപുഴ, പത്തനംതിട്ട, കണ്ണൂർ, കാസറഗോഡ്, തൃശ്ശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ എന്നീ നഗരങ്ങളിലെ ഗതാഗത സംവിധാനം, യാത്രക്കാരുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിൽ പഠനം നടത്തിയാണ് പുതുതായി ആരംഭിക്കാൻ കഴിയുന്ന റൂട്ടുകൾ നിർദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) | ജനസംഖ്യാനുപാതികമായി ഇത്തരം വാഹനങ്ങൾ ഓരോ ജില്ലക്കും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഡി) | കെ.എസ്.ആർ.ടി.സി സമർപ്പിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര നഗര വികസന മന്ത്രാലയം കേരളത്തിലെ നഗരങ്ങൾക്ക് 400 ബസുകൾ പുതുതായി അനുവദിച്ചത്. JnNURM ഒന്നാം ഘട്ടപ്രകാരം തിരുവനന്തപുരത്തിന് 150 (30 A/c Low Floor, 120 Non A/c Low Floor) ബസുകളും എറണാകുളത്തിന് 170 (50 A/c Low Floor, 120 Non A/c Low Floor) ബസുകളും അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടപ്രകാരം അനുവദിച്ച 400 ബസുകൾ മറ്റ് 12 ജില്ലകളിലാണ് അനുവദിച്ചിട്ടുള്ളത്. നഗരങ്ങളിലെ ജനസംഖ്യ, യാത്രക്കാരുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിൽ പഠനം നടത്തിയാണ് ബസുകൾ അനുവദിക്കപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ